ഖുത്ബ
17. 2. 2006
ബയ്തുൽ ഫുതൂഹ്, ലണ്ടൻ

# ദൈവകോപത്തെ ഭയപ്പെടുക

**ക**ഴിഞ്ഞവെള്ളിയാഴ്ചത്തെ ഖുത്ബയിൽ, അതിനുമുമ്പെ നടത്തിയ രണ്ട് ഖുത്ബയിലെ വിഷയത്തെക്കുറിച്ചുതന്നെ ചില കാര്യങ്ങൾ പറയാനാഗ്രഹിച്ചിരുന്നു. പക്ഷേ, അനുചിതവും നിരർത്ഥകവുമായ കാര്യങ്ങൾ ചില പാശ്ചാത്യപത്രങ്ങൾ പ്രസിദ്ധീകരിക്കുകയും അതിനെ തുടർന്ന് മുസ്ലിംലോകത്ത് ദുഃഖത്തിന്റേയും ദ്വേഷ്യത്തിന്റേയും പ്രതിഷേധം ഉയരുകയും ചെയ്യുന്നത് കണ്ടപ്പോൾ അത്തരം ഘട്ടത്തിൽ നമ്മൾ അനുവർത്തിക്കേണ്ട രീതി എന്താണെന്ന് അഹ്മദികൾക്കും മനസ്സിലാകുന്നതിനുവേണ്ടി അതിനെക്കുറിച്ച് എന്തെങ്കിലും പറയേണ്ടത് നിർബന്ധമായി ഞാൻ മനസ്സിലാക്കി. ദൈവാനുഗ്രഹത്താൽ നമ്മൾ അനുവർത്തിക്കേണ്ട രീതി എന്താണെന്ന് അഹ്മദികൾക്കറിയാം. പക്ഷേ, ഓർമ്മിപ്പിക്കേണ്ട ആവശ്യമുണ്ട്. എന്നല്ല, ഇത്തരം ഘട്ടങ്ങളിൽ ഒരു മുസ്ലിമിന്റെ ശരിയായ പ്രതികരണം എന്താണെന്ന് ലോകവും അറിയേണ്ടതാണ്. ഒരുമതത്തിന്റേയും പരിശുദ്ധരായ ആളുകളെക്കുറിച്ച് അനുചിതമായ ഒരുതരത്തിലുള്ള പരാമർശവും ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ കൂട്ടത്തിൽ പെടുകയില്ല. ജനാധിപത്യത്തിന്റേയും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റേയും ചാമ്പ്യന്മാരായിക്കൊണ്ട് മറ്റുള്ളവരുടെ വികാരങ്ങളെ തൊട്ടുകളിക്കുന്നത്, ജനാധിപത്യവുമല്ല, ആവിഷ്ക്കാരസ്വാതന്ത്ര്യവുമല്ല. ഓരോ കാര്യത്തിനും ഒരു പരിധിയുണ്ട്. ധാർമ്മികമായ ചില നിയന്ത്രണങ്ങളുണ്ട്. അപ്രകാരംതന്നെ ഓരോ തൊഴിലിലും ധാർമ്മികമായ നിയന്ത്രണങ്ങൾ ഉണ്ട്. ഇതുപോലെ, ഓരോ ഭരണകൂടത്തിനും നിയമങ്ങളും ചട്ടങ്ങളുമുണ്ട്. സ്വാതന്ത്ര്യം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം മറ്റുള്ളവരുടെ വികാരങ്ങളെ തൊട്ടുകളിക്കുകയും അവരെവിഷമിപ്പിക്കുകയും ചെയ്യുക എന്നതല്ല. എന്നാൽ, ഇതാണ് സ്വാതന്ത്ര്യം എന്നുപറഞ്ഞാണ് പാശ്ചാത്യർ അഭിമാനിക്കുന്നത്. അങ്ങനെയാണെങ്കിൽ ആ സ്വാതന്ത്ര്യം അഭിവൃദ്ധിയിലേക്ക് കൊണ്ടുപോകുന്നതല്ല, മറിച്ച്, അത് അധഃപതനത്തിലേക്ക് കൊണ്ടുപോകുന്ന സ്വാതന്ത്ര്യമാണ്. പാശ്ചാത്യജനത മതത്തെ ഉപേക്ഷിച്ചുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ പേരിൽ എല്ലാ രംഗത്തും ധാർമ്മികമായ മൂല്യങ്ങളെ അതിദ്രുതം കുഴിച്ചുമൂടിക്കൊണ്ടിരിക്കുകയാണ്. സ്വന്തം നാശത്തെ എങ്ങനെയാണ് അവർ ക്ഷണിച്ചുവരുത്തുന്നതെന്ന് അവർക്കറിയില്ല.

ഇപ്പോൾ ഇറ്റലിയിൽ ഒരു മന്ത്രി, ടീഷർട്ടിൽ ആ നിർത്ഥവും വൃത്തികെട്ടതുമായ കാർട്ടൂൺ പ്രിന്റ് ചെയ്ത് അണിയാൻ തുടങ്ങിയിരിക്കുന്നു. മറ്റുള്ളവരേയും അതിനു പ്രേരിപ്പിക്കുന്നു. അതു വിറ്റുകൊണ്ടിരിക്കുന്നു. മുസ്ലിംകൾക്കുള്ള ചികിത്സ ഇതാണെന്ന് പറയുന്നു. പക്ഷേ, ഒരുകാര്യം അവർ മനസ്സിലാക്കണം. ഇത് മുസ്ലിംകൾക്കുള്ള ചികിത്സയാണോ അല്ലേ എന്ന് ഞങ്ങൾക്കറിയില്ല. എന്നാൽ, ഇത്തരം പ്രവർത്തനങ്ങൾ തീർച്ചയായും ദൈവകോപം ജ്വലിപ്പിക്കാനുള്ള മാർഗ്ഗമായിത്തീരുന്നു. എന്തായാലും വിഡ്ഢിത്തം സംഭവിച്ചുകഴിഞ്ഞു. പക്ഷേ, അത് നിരന്തരം ആവർത്തിച്ചും പ്രചരിപ്പിച്ചും കൊണ്ടിരിക്കുന്നത് ദൈവകോപത്തെ ജ്വലിപ്പിക്കുക തന്നെ ചെയ്യുന്നതാണ്.

മറ്റു മുസ്ലിംകളുടെ പ്രതികരണം എന്തും ആയിക്കോട്ടെ. പക്ഷെ, ഒരു അഹ്മദീ മുസ്ലിമിന്റെ പ്രതികരണം, ഈ നീചപ്രവൃത്തി ചെയ്യുന്നവർക്കു കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുകയും അല്ലാഹുവിന്റെ കോപത്തെതൊട്ട് ഭയപ്പെടുത്തുകയും ചെയ്യുക എന്നതാണ്. നബി(സ) തിരുമേനിയുടെ മനോഹരമായ ചിത്രം ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കുക. സർവ്വശക്തനും എല്ലാ കഴിവുകളുടെയും അധിപതിയുമായ അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും അവനോട് സഹായം തേടുകയും ചെയ്യുക. എന്നാൽ, ഇവർ ശിക്ഷയിലേക്കുതന്നെയാണ് മുന്നേറുന്നതെങ്കിൽ, തന്റെ പ്രിയപ്പെട്ടവർക്കായി അഭിമാനംകൊള്ളുന്ന അല്ലാഹു ക്രുദ്ധനിലയിൽ പ്രത്യക്ഷപ്പെടാൻ കഴിവുള്ളവനാണ്. അവൻ സകലശക്തികളുടേയും അധികാരിയാണ്. അവൻ മനുഷ്യനിർമ്മിതമായ നിയമങ്ങൾക്ക് വിധേയനല്ല. അവൻ സർവശക്തനാണ്. അവന്റെ ആട്ടുകല്ല് പ്രവർത്തിക്കാൻ തുടങ്ങിയാൽ മനുഷ്യന് അതിന്റെ പ്രവർത്തനത്തെക്കുറിച്ച് ഊഹിക്കാനേ പറ്റുകയില്ല. അതിൽനിന്ന് ആർക്കും രക്ഷപ്പെടാനും സാധ്യമല്ല. പാശ്ചാത്യദേശത്തെ ചിലരുടെ അല്ലെങ്കിൽ ചില നാടുകളുടെ ഈ നടപ്പ് കാണുമ്പോൾ

അഹ്മദികൾ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കൂടുതൽ കുനിയേണ്ടതാണ്. അല്ലാഹുവിന്റെ മസീഹ് യൂറോപ്പിനും അമേരിക്കയ്ക്കും മുന്നറിയിപ്പ് നല്കിയിരിക്കുന്നു. ലോകത്തു വന്നുകൊണ്ടിരിക്കുന്ന ഈ ഭൂകമ്പവും ഈ കൊടുങ്കാറ്റും ഈ വിപത്തുകളും ഏഷ്യയ്ക്കുവേണ്ടി മാത്രം നിശ്ചയിച്ചിട്ടുള്ളതല്ല. അമേരിക്ക അതിന്റെ ഒരു മിന്നലാട്ടം കണ്ടുകഴിഞ്ഞു. അല്ലയോ യൂറോപ്പേ! നീയും രക്ഷയിലല്ല. അതുകൊണ്ട് ദൈവത്തെ ഭയപ്പെടുക. അല്ലാഹുവിന്റെ അഭിമാനത്തെ ശുണ്ഠിപിടിപ്പിക്കാതിരിക്കുക. ഇതിനോടൊപ്പം ഞാൻ പറയട്ടെ, മുസ്‌ലിം രാഷ്ട്രങ്ങളും അല്ലെങ്കിൽ മുസ്‌ലിംകളെന്ന് അവകാശപ്പെടുന്നവരും അവരുടെ നടപടികൾ നന്നാക്കിത്തീർക്കേണ്ടതാണ്. നബി(സ) തിരുമേനിയുടെ മഹദ്സ്ഥാനവും അവിടത്തെ സൗന്ദര്യവും ലോകത്തിന്റെ മുമ്പിൽ വെളിപ്പെടുംവിധമുള്ള മാർഗ്ഗവും പ്രതിഷേധവുമാണ് പ്രകടിപ്പിക്കേണ്ടത്. ഇത്തരം ശരിയായ രീതിയിലുള്ള പ്രതികരണമാണ് ഒരു സത്യവിശ്വാസി ചെയ്യേണ്ടത്. സ്വന്തം നാട്ടിലെ ജനങ്ങളെ വധിക്കുകയും സ്വന്തം സ്വത്തുക്കൾക്ക് തീവയ്ക്കുകയും ചെയ്തുകൊണ്ടുള്ള, ഇന്ന് നടന്നുകൊണ്ടിരിക്കുന്ന പ്രതികരണം, ഏത് ഇസ്‌ലാമിന്റെ പ്രതികരണമാണ്. അന്യസമൂഹവുമായി ഏറ്റുമുട്ടുമ്പോൾ പോലും ഇസ്‌ലാം, നീതിയും ന്യായവും വിട്ടുപ്രവർത്തിക്കാൻ അനുവദിക്കുന്നില്ല. വിവേകപൂർവ്വം പ്രവർത്തിക്കാനാണ് അത് കല്പിക്കുന്നത്. എന്നാൽ പാക്കിസ്ഥാനിലും മറ്റു ഇസ്‌ലാമികനാടുകളിലും നടന്നുകൊണ്ടിരിക്കുന്നതെന്താണ്? ഈ നാടുകളിലെ അന്യനാട്ടുകാരുടെ സ്ഥാപനങ്ങൾ നശിപ്പിക്കുന്നതും സ്വന്തം നാട്ടുകാർക്ക് നഷ്ടമുണ്ടാക്കുന്നതുമായ ഇത്തരം പ്രവർത്തനം ഇസ്‌ലാമിന് ചീത്തപ്പേരുണ്ടാക്കാനേ ഉപകരിക്കുകയുള്ളൂ. അതുകൊണ്ട് തെറ്റായ രീതിയിൽ നയിക്കുന്ന ഈ ഉലമാക്കളെന്ന മതപണ്ഡിതന്മാരുടെ പിന്നാലെ മുസ്‌ലിംകൾ പോകുന്നതിനും, അവരുടെ പിന്നാലെ നടന്ന് ഇഹലോകവും പരലോകവും നഷ്ടപ്പെടുത്തുന്നതിനും പകരം ബുദ്ധിപൂർവ്വം പ്രവർത്തിക്കുക. ഇന്ന് മുസ്‌ലിംകൾക്ക് എന്നല്ല മുഴുലോകത്തുമുള്ളവർക്ക് ശരിയായരീതിയിലുള്ള പാഠം നല്കുന്നതിനുവേണ്ടി അല്ലാഹു തന്റെ പ്രിയപ്പെട്ട നബി(സ)ന്റെ സത്യസന്ധനായ പ്രേമിയെ അയച്ചിരിക്കുകയാണ്. ആ മഹാത്മാവിനെ തിരിച്ചറിയുക. അദ്ദേഹത്തെ പിൻപറ്റുക. ലോകത്തിന്റെ പരിഷ്ക്കരണത്തിനും നബി(സ) തിരുമേനിയുടെ കൊടി ലോകത്തു നാട്ടുന്നതിനും വേണ്ടി ആ മഹ്ദി മസീഹിന്റെ ജമാഅത്തിൽ ചേർന്നുപ്രവർത്തിക്കുക. മറ്റൊരു മാർഗ്ഗത്തിനും മറ്റൊരു വഴികാട്ടിക്കും നമ്മെ നബി(സ) തിരുമേനിയുടെ സുന്നത്തനുസരിച്ച് ജീവിക്കുന്നവരാക്കി തീർക്കാൻ സാധ്യമല്ല. ഇസ്‌ലാമിന്റെ തേജോവിലാസത്തേയും സൗന്ദര്യത്തേയും അവിടത്തെ പരിശുദ്ധിയേയും പുനരുജ്ജീവിപ്പിക്കേണ്ടത് മസീഹിന്റേയും മഹ്ദിയുടേയും ജമാഅത്തു തന്നെയാണ്. ഇൻശാഅല്ലാഹ്. അതിനാൽ, എല്ലാവരും ഇതിനെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. മുസ്‌ലിംകളെന്ന് അവകാശപ്പെടുന്നവർക്ക് കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കിക്കൊടുക്കുകയും വേണം. നാമമാത്ര മുസ്‌ലിംപണ്ഡിതന്മാർ പറയുന്നതുപോലെ, വരേണ്ട മസീഹ് ഇപ്പോൾ വന്നിട്ടില്ല, ഇനിവരേണ്ടതുണ്ട്, ഇന്ന സ്ഥലത്താണ് ഇറങ്ങേണ്ടത്, മഹ്ദി ഇന്ന സ്ഥലത്താണ് വെളിപ്പെടേണ്ടത് തുടങ്ങിയ വിവാദങ്ങളിൽ ഇടപെടേണ്ട കാര്യമില്ല. ഇവർ ഈ വീക്ഷണഗതി വെച്ചുപുലർത്തുന്നത് ഒരു ഹദീസ് വേണ്ടുംവിധം മനസ്സിലാകാത്തതുകൊണ്ടാണ്. ഈ നിവേദനത്തെ ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ വിവരിച്ചിരിക്കുന്നു. അവിടന്ന് പറയുന്നു:

മസീഹ് ഇബ്നു മർയം ആകാശത്തുനിന്നിറങ്ങുമെന്നും ദിമശ്ഖിന്നു കിഴക്കുഭാഗത്തുള്ള വെളുത്ത മിനാരത്തിന്നടുത്തിറങ്ങുമെന്നും രണ്ട് മലക്കുകളുടെ ചുമലിൽ കൈവെച്ചുകൊണ്ടായിരിക്കും ഇറങ്ങുകയെന്നും വ്യക്തമായും ഹദീസുകളിൽ പറഞ്ഞിട്ടുള്ള കാര്യത്തെ നിഷേധിക്കുന്നതെങ്ങനെ എന്നാരെങ്കിലും പറയുകയാണെങ്കിൽ അതിനുള്ള മറുപടി ഇപ്രകാരമാണ്. ആകാശത്തുനിന്ന് ഇറങ്ങുക എന്ന് പറഞ്ഞതുകൊണ്ട് യഥാർത്ഥത്തിൽ സ്ഥൂല ശരീരത്തോടുകൂടി ഇറങ്ങുക എന്ന അർത്ഥം കല്പിക്കാൻ പറ്റുകയില്ല. എന്നുമാത്രമല്ല സഹീഹായ ഹദീസുകളിലൊന്നിലുംതന്നെ 'നുസൂൽ' എന്ന പദത്തോടുകൂടി സമാഅ് (ആകാശം) എന്ന പദം ഉപയോഗിച്ചിട്ടില്ല. '***നുസൂൽ***' എന്ന പദം പൊതുവെ ഉപയോഗിച്ചുവരുന്ന പദമാണ്. ഒരാൾ ഒരു സ്ഥലത്തുനിന്ന് പുറപ്പെട്ട് മറ്റൊരു സ്ഥലത്തുപോയി താമസിക്കുമ്പോൾ അതിനും അയാൾ അവിടെ ഇറങ്ങി എന്നു പറയാറുണ്ട്. ഇന്നസ്ഥലത്ത് പട്ടാളം ഇറങ്ങിയെന്നും പാളയം ഇറങ്ങിയെന്നും പറയുന്നത് സർവസാധാരണമാണ്. അങ്ങനെ പറയുമ്പോൾ പട്ടാളവും പാളയവും ആകാശത്തുനിന്നിറങ്ങിയെന്നാണോ മനസ്സിലാക്കേണ്ടത്? ഇതുകൂടാതെ, നബി (സ) തിരുമേനി ആകാശത്തുനിന്നിറങ്ങിയ ആളാണെന്ന് വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുണ്ട്. എന്നല്ല, ഇരുമ്പ് നാം ആകാശത്തുനിന്നിറക്കിയതാണെന്നും അതിൽ ഒരിടത്ത് പറയുന്നു. ഇപ്പറഞ്ഞതിൽനിന്നെല്ലാം മനസ്സിലാകുന്നത് ഇക്കൂട്ടർ വിചാരിക്കുന്നതുപോലെയല്ല അതിന്റെ ഉദ്ദേ

ശ്യമെന്നാണ്." അവിടന്ന് വീണ്ടും പറഞ്ഞു: "ഇതിന്റെ വിശദീകരണം കൊണ്ട് ഹദീസുകൾ നിറഞ്ഞുകിടക്കുന്നു. പക്ഷേ, സാധാരണക്കാർക്ക് ഇതറിയുകയില്ല. ഉലമാക്കളാണെങ്കിൽ തെറ്റായിട്ടാണ് അവർക്ക് വഴി കാണിക്കുന്നത്. ഇക്കാരണത്താൽ തന്നെയാണ് യഹൂദികൾക്ക് തെറ്റ് സംഭവിക്കുകയും ഈസായെ അവർ നേഷിധിക്കുകയും ചെയ്തത്."

എന്തായാലും ഈ വിഷയം വിശാലമായി ചർച്ച ചെയ്യപ്പെടേണ്ടതുതന്നെയാണ്. ഖുത്ബയിൽ അതെല്ലാം സവിസ്തരം പ്രതിപാദിക്കാൻ പറ്റുകയില്ല. അവസ്ഥകൾ മാറിത്തിരിഞ്ഞുവരുന്നതിനനുസരിച്ച് അഹ്ദികൾ അവർക്ക് ചുറ്റുമുള്ളവരോട് ഇത് തുറന്നുപറയേണ്ടതാണ്. അങ്ങനെ, രക്ഷപ്പെടുന്ന ആത്മാക്കളത്രയും രക്ഷപ്പെട്ടുകൊള്ളട്ടെ. മാന്യരായവർ രക്ഷപ്പെടട്ടെ. അഹ്മദികൾ അവരവരുടെ പരിസരങ്ങളിൽ ഇക്കാര്യം ഓരോ മതക്കാർക്കും വ്യക്തമായും മനസ്സിലാക്കിക്കൊടുക്കുക. ഓരോ മതത്തിന്റേയും അധ്യാപനമനുസരിച്ച് വരേണ്ടയാൾ വന്നുകഴിഞ്ഞിരിക്കുന്നുവെന്ന് വിളിച്ചുപറയുക.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇനി അബൂദാവൂദ് തന്റെ ഗ്രന്ഥത്തിലെഴുതിയ ഹദീസ് വായനക്കാരുടെ മുമ്പിൽ സമർപ്പിച്ചുകൊണ്ട്, അതാരാണെന്നതിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഹാരിസ് എന്നുപേരുള്ള ഒരാൾ അതായത് ഹർറാസ് ***മാ വറാ ഉന്നഹ്റി***ൽനിന്ന് അതായത് സമർക്കണ്ടിൽനിന്ന് പുറപ്പെടും. അദ്ദേഹം റസൂൽ(സ) യുടെ കുടുംബാദികൾക്ക് ശക്തി പകരും. അദ്ദേഹത്തെ സഹായിക്കുക എന്നത് ഓരോ വ്യക്തിക്കും നിർബന്ധമാണ്. ഈ പ്രവചനവും, മസീഹ് വരുമെന്നുള്ള പ്രവചനവും അദ്ദേഹം മുസ്ലിംകളിൽനിന്ന് മുസ്ലിംകൾക്ക് ഇമാമായിരിക്കും എന്നുള്ള കാര്യവും ദിവ്യവെളിപാടിലൂടെ അല്ലാഹു എനിക്ക് അറിയിച്ചുതന്നതാണ്. വാസ്തവത്തിൽ ഈ രണ്ട് പ്രവചനങ്ങളുടേയും വിഷയം ഒന്നാണ്. രണ്ടിന്റേയും പ്രതീകം ഈ വിനീതൻ തന്നെയാണ്. മസീഹ് വരുമെന്നാണ് പ്രവചനത്തിലുള്ളത്. പ്രത്യേകിച്ച് അതിന് രണ്ടടയാളമാണുള്ളത്. ഒന്ന്, അദ്ദേഹം വരുമ്പോൾ മുസ്ലിംകളുടെ ആന്തരികമായ അവസ്ഥയെ– അതപ്പോൾ അങ്ങേയറ്റം മോശമായിട്ടുണ്ടാകും– തന്റെ ശരിയായ അദ്ധ്യാപനം മുഖേന നന്നാക്കിത്തീർക്കുന്നതാണ്. (ഇതിനെക്കുറിച്ച് കഴിഞ്ഞ ഖുത്ബകളിൽ ഞാൻ പറഞ്ഞിട്ടുണ്ട്. മുസ്ലിംകളുടെ അവസ്ഥ അങ്ങേയറ്റം മോശമായിത്തീർന്നിരിക്കുന്നുവെന്ന് സ്വയം ഇക്കൂട്ടർ സമ്മതിക്കുന്നു. അതാരെയോ പ്രതീക്ഷിക്കുന്നുണ്ട്) പറയുന്നു: "മുസ്ലിംകളുടെ ആന്തരികാവസ്ഥയെ തന്റെ ശരിയായ അദ്ധ്യാപനം മുഖേന നന്നാക്കിത്തീർക്കുന്നതാണ്. അവരുടെ ദയനീയാവസ്ഥയേയും ബാഹ്യമായ പോരായ്മകളേയും പൂർണ്ണമായും അകറ്റിക്കൊണ്ട്, സന്മാർഗ്ഗത്തിന്റെ വഴിയും ഈശ്വരജ്ഞാനവും അവരുടെ മുമ്പിൽ സമർപ്പിക്കുന്നതാണ്." (അതായത് സുവ്യക്തമായ നിലയിൽ ആത്മീയജ്ഞാനങ്ങൾ അവർക്ക് വിവരിച്ചുകൊടുക്കുക. ഇതൊരു ഖജനാവാണ്.) വീണ്ടും അവിടന്ന് പറഞ്ഞു: "അങ്ങനെ അവർ അറിവിന്റെ ആ സമ്പത്ത് വാങ്ങിവാങ്ങി ക്ഷീണിച്ചുപോകും. അവരിൽനിന്നുള്ള ഒരു സത്യാന്വേഷിയും ആത്മീയമായ നിലയിൽ ദരിദ്രനും അറിവില്ലാത്തവനുമായി അവശേഷിക്കുകയില്ല. സത്യത്തിനുവേണ്ടിയുള്ള അവരുടെ വിശപ്പും ദാഹവുമനുസരിച്ച് അവർക്ക് പരിശുദ്ധമായ ആഹാരം നല്കപ്പെടുന്നതും ദൈവജ്ഞാനത്തിന്റെ മധുരപാനീയം അവർ കുടിപ്പിക്കപ്പെടുന്നതുമാണ്. അതായത്, സത്യത്തിന്റെ ഈ പരിശുദ്ധമായ ആഹാരം, അവർക്കു ലഭിക്കുന്നതാണ്. വാഗ്ദത്ത മസീഹ് മുഖേന ശരിയായ ഇസ്ലാമികാധ്യാപനം അവർക്കു കിട്ടുന്നതാണ്. ഈശ്വരജ്ഞാനത്തിന്റെ മധുരപാനീയം അവർ കുടിപ്പിക്കപ്പെടുന്നതാണ്." (എന്നാൽ ഇവർ ഈശ്വരജ്ഞാനത്തിന്റെ മധുരപാനീയം കുടിക്കുന്നവരായിരുന്നെങ്കിൽ, ലോകം കണ്ട നിന്ദ്യവും നാശം വിതയ്ക്കുന്നതുമായ ഈ പ്രതികരണത്തിനുപകരം, രചനാത്മകമായ പ്രതികരണം ഉണ്ടാകുമായിരുന്നു. അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരാകുമായിരുന്നു.)

അവിടന്ന് പറഞ്ഞു: "സത്യമായ ജ്ഞാനത്തിന്റെ മുത്തുകൾകൊണ്ട് അവരുടെ സഞ്ചികൾ നിറയ്ക്കപ്പെടുന്നതാണ്. അതായത് ഇസ്ലാമിന്റെ ശരിയായ അറിവ് വലിയൊരു വിലപിടിച്ച ഖജനാവാണ്. അത് മുത്തുകൾ പോലെയാണ്. അതുമുഖേന അവരുടെ സഞ്ചികൾ നിറയ്ക്കപ്പെടുന്നതാണ്. വിശുദ്ധഖുർആന്റെ കഴമ്പും അന്തസ്സത്തയും നിറഞ്ഞ സ്ഫടിക ക്കൂടുകൾ അവർക്ക് നല്കപ്പെടുന്നതാണ്. അതായത് വിശുദ്ഖുർആന്റെ ഈ സൗരഭ്യം അവർക്ക് ലഭിക്കുന്നതാണ്. വീണ്ടും പറഞ്ഞു: രണ്ടാമത്തെ പ്രത്യേകമായ അടയാളം, വാഗ്ദത്ത മസീഹ് വരുമ്പോൾ കുരിശിനെ ഉടയ്ക്കുകയും പന്നിയെ കൊല്ലുകയും ഒറ്റക്കണ്ണനായ ദജ്ജാലിനെ വധിക്കുകയും, അദ്ദേഹത്തിന്റെ നിശ്വാസമേല്ക്കുന്ന അവിശ്വാസികളെല്ലാം തൽക്ഷണം മരിക്കുകയും ചെയ്യും എന്നതാണ്. ആത്മീയമായനില ഉദ്ദേശിച്ചുള്ള ഈ അടയാളത്തിന്റെ യഥാർത്ഥമായ വസ്തുത ഇതാണ്. അതായ

ത്, മസീഹ് ലോകത്തു വന്നിട്ട് കുരിശുമതത്തിന്റെ പ്രാബല്യവും പ്രതാപവും ശിഥിലമാക്കുകയും ശക്തിമത്തായ തെളിവുകളാൽ അതിന്റെ തെറ്റുകൾ സ്ഥാപിക്കുകയും ചെയ്യുന്നതാണ്. ആത്മീയമായ കാഴ്ച നഷ്ടപ്പെടുകയും ഭൗതികകണ്ണുകൾ മാത്രം അവശേഷിക്കുകയും ചെയ്ത അക്കൂട്ടരുടെ നിഷേധാത്മക സ്വഭാവത്തെ തെളിവുകളാകുന്ന വാൾ കൊണ്ട് നശിപ്പിക്കുന്നതാണ്. അതായത് തെളിവുകൾകൊണ്ടാണ് അവയെ വെട്ടിമുറിക്കേണ്ടത്. മുഹമ്മദ് നബി(സ) കൊണ്ടുവന്ന മതാദ്ധ്യാപനത്തെ പരിഹാസദൃഷ്ടിയോടെ നോക്കിക്കാണുന്ന ഒറ്റക്കണ്ണുള്ള ആളുകൾ മാത്രമല്ല പ്രത്യുത ഓരോ അവിശ്വാസിയും മസീഹി തെളിവുകളുടെ അത്യുജ്ജ്വലമായ മന്ത്രിച്ചൂതൽ കൊണ്ട് ആത്മീയമായനിലയിൽ നശിച്ചൊടുങ്ങുന്നതാണ്. അതായത് വാഗ്ദത്ത മസീഹ് വന്നിട്ട് തെളിവുകൾ മുഖേന അവരെ വധിക്കുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ ഈ ഹദീസിൽ പറഞ്ഞ എല്ലാ വാക്യങ്ങളും ആലങ്കാരികമായിട്ടാണ് പറഞ്ഞിട്ടുള്ളത്. അതെല്ലാം എന്നിൽ നല്ലവണ്ണം പുലർന്നിട്ടുണ്ട്. ഇനി ആരെങ്കിലും മനസ്സിലാക്കുകയോ മനസ്സിലാക്കാതിരിക്കുകയോ ചെയ്തുകൊള്ളട്ടെ. എന്നാൽ, അവസാനം അല്പനേരത്തെ കാത്തിരിപ്പിനുശേഷം തങ്ങളുടെ അടിസ്ഥാനരഹിതമായ ചിന്താഗതികളിൽ ഉദാസീനരായിക്കൊണ്ട് ഈ ഭാഗത്തേക്ക് അവർ മടങ്ങുന്നതാണ്."

ഇന്ന് ഹസ്റത്ത് വാഗ്ദത്ത മസീഹ്(അ) ആണ് ക്രിസ്ത്യാനികളെ സത്യത്തിലേക്ക് വരാൻ ആഹ്വാനം ചെയ്തിട്ടുള്ളത്. ക്രൈസ്തവമതത്തിന്റെ ദ്രുതഗതിയിലുള്ള വ്യാപനം അവിടന്നാണ് തടഞ്ഞുനിറുത്തിയത്. അക്കാലഘട്ടത്തിൽ ഇന്ത്യയിലെ ആയിരക്കണക്കിന് മുസ്‌ലിംകൾ ക്രൈസ്തവമതം സ്വീകരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഈ ആക്രമണത്തെ ഹസ്റത്ത് വാഗ്ദത്ത മസീഹ്(അ) തടഞ്ഞുവെന്ന് മാത്രമല്ല, ഇസ്‌ലാമിന്റെ അന്തസ്സ് വീണ്ടും നിലനാട്ടുകയും ചെയ്തു. ആഫ്രിക്കയിലെ ക്രൈസ്തവ മുന്നേറ്റത്തേയും തടയുകയും ഇസ്‌ലാമിന്റെ മനോഹരമായ ചിത്രം പ്രദർശിപ്പിക്കുകയും ആയിരക്കണക്കിന് ക്രൈസ്തവരെ മുസ്‌ലിംകളാക്കുകയും ചെയ്തത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തായിരുന്നു. ഇതൊക്കെയാണ് മസീഹ് മൗഊദ്(അ)ന്റെ പ്രവൃത്തികൾ. അത് ഹസ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തുകാണിക്കുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്നേവരെ, അവിടന്ന് നല്കിയ അദ്ധ്യാപനത്തോടും തെളിവുകളോടുംകൂടി അഹ്മദിയ്യാ ജമാഅത്ത്, ഹൃദയങ്ങളെ കീഴടക്കിക്കൊണ്ട് ഉന്നതിയുടെ നിലകൾ താണ്ടിക്കൊണ്ടിരിക്കുകയാണ്. ഇൻശാഅല്ലാഹ്. ഇത് തുടർന്നുകൊണ്ടേയിരിക്കുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ഒരുനാൾ നിരാശരായിക്കൊണ്ട് ഇവർ സത്യത്തിലേക്ക് മടങ്ങുന്നതാണ്.

എങ്ങനെയാണ് ഇവരുടെ കളവിനേയും ചതിയേയും ഉന്മൂലനം ചെയ്യുക എന്നതിനുള്ള വിശദീകരണമാണിത്. പന്നികളെ കൊല്ലുക, കുരിശിനെ ഉടയ്ക്കുക, ദജ്ജാലുമായി യുദ്ധം ചെയ്യുക എന്നതിന്റെ ഉദ്ദേശ്യവും ഇതുതന്നെയാണ്.

ഇന്നും അഹ്മദിയ്യാ ജമാഅത്തു മാത്രമാണ് എല്ലായിടത്തും ക്രൈസ്തവമതത്തെ നേരിടുന്നത്. കഴിഞ്ഞദിവസം ഒരു ഏഷ്യൻ ടിവിയിൽ അല്ലാമ സിറാജുൽ ഹഖ് സാഹിബ് പറഞ്ഞു: അവരുടെ ഉലമാക്കൾ അജ്ഞരായിരുന്നു. ദീനിപരമായ അറിവ് ഒട്ടുംതന്നെ അവരിലുണ്ടായിരുന്നില്ല. ഖുർആനിന്റേയോ ബൈബിളിന്റേയോ അറിവും അവർക്കുണ്ടായിരുന്നില്ല. എന്നാൽ മിർസാഗുലാം അഹ്മദ് സാഹിബ് ഖാദിയാനി പണ്ഡിതനായിരുന്നു. ബൈബിളിന്റേയും മറ്റു മതങ്ങളുടേയും ജ്ഞാനം അദ്ദേഹത്തിനുണ്ടായിരുന്നു. ഇക്കാരണത്താലാണ് അദ്ദേഹം അക്കാലത്ത് ക്രിസ്ത്യാനികളെ നേരിട്ടതും അവരുടെ വായ അടപ്പിച്ചതും. ടിവിയിലൂടെ അദ്ദേഹം പറഞ്ഞ വിഷയം ഏതാണ്ട് ഞാൻ ഇപ്പറഞ്ഞതുപോലെയായിരുന്നു. ഏതായാലും, പ്രബലമായ തെളിവുൾകൊണ്ട് ക്രൈസ്തവമതത്തിന്റെ വ്യാപനം തടയുകയും, ക്രൈസ്തവമതത്തിൽ ചേരുന്നതിൽ നിന്ന് മുസ്‌ലിംകളെ രക്ഷപ്പെടുത്തുകയും ചെയ്തത് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ആയിരുന്നുവെന്ന് അവർ സമ്മതിച്ചു. പിന്നീട് തിരിച്ചും മറിച്ചുമൊക്കെ അതിന്റെ വിശദീകരണം അദ്ദേഹം നല്കുന്നുണ്ട്. അതിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിലും അദ്ദേഹം സംസാരിക്കുന്നുണ്ട്. എന്തുതന്നെയായാലും, ക്രൈസ്തവമതത്തിനെതിരെ എഴുന്നേറ്റുനിന്നതും അവരുടെ അദ്ധ്യാപനങ്ങളെ തെളിവുകൾ കൊണ്ട് തടഞ്ഞതും അത് ഹസ്റത്ത് മിർസാഗുലാം അഹ്മദ് ഖാദിയാനി എന്ന ഫയൽമാനായിരുന്നു എന്ന് അവർ സമ്മതിക്കുന്നു. അതുകൊണ്ട് ഇവർ ഇന്ന് വിശ്വസിച്ചാലും ഇല്ലെങ്കിലും, ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ പ്രബലമായ തെളിവുകൾകൊണ്ട് ദജ്ജാലിനെ ഉന്മൂലനം ചെയ്ത ആ വാഗ്ദത്ത മസീഹ് മിർസാഗുലാം അഹ്മദ് തന്നെയാണെന്ന് ഇക്കൂട്ടർ വിളിച്ചുപറയുന്ന ഒരുനാൾ വരികതന്നെ ചെയ്യും.

ഈ ഹദീസിനെ തെറ്റായി വ്യാഖ്യാനിച്ച കാരണത്താൽ മുസ്ലിംകൾ ഇപ്പോഴും ഈസാനബിയെ പ്രതീക്ഷിച്ചിരിക്കുകയാണ്. ഈ ഉദ്ദേശ്യം തെറ്റാണെന്ന് സ്ഥാപിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) ആ ഹദീസിനെ വിശദീകരിച്ചിരിക്കുന്നു. പറയുന്നു: ഈ തെളിവുകൾക്കു പുറമെ മറ്റു തെളിവുകളിൽ നിന്നും ഈ ഉമ്മത്തിനോടു വാഗ്ദാനം ചെയ്യപ്പെട്ട ആ മസീഹ് ഈ ഉമ്മത്തിൽനിന്നുള്ള ഒരു വ്യക്തിയായിരിക്കുമെന്ന് വ്യക്തമാകുന്നുണ്ട്. ബുഖാരിയിലും മുസ്ലിമിലും രേഖപ്പെടുത്തിയിട്ടുള്ള ഹദീസിൽ ***ഇമാമുക്കുംമിൻകും*** എന്നും ***അമ്മക്കുംമിൻകും*** എന്നും എഴുതിയിരിക്കുന്നു. ഇതിന്റെ അർത്ഥം, അദ്ദേഹം നിങ്ങളിൽനിന്നുള്ള നിങ്ങളുടെ ഇമാമായിരിക്കും എന്നാണ്. കാരണം ഈ ഹദീസ് ആഗതനാകുന്ന ഈസായെ കുറിച്ചുള്ളതാണ്. ഈ ഹദീസിൽ അദ്ദേഹം നീതിമാനായ വിധികർത്താവായിരിക്കുമെന്ന സവിശേഷഗുണവും പറഞ്ഞിട്ടുണ്ട്. അതു പറഞ്ഞത് ഇപ്പറഞ്ഞതിന്റെ മുമ്പേയാണ്. അതുകൊണ്ട് ഇമാം എന്നു പറഞ്ഞതും ഇദ്ദേഹത്തെ കുറിച്ചുതന്നെയാണ്. ***മിൻകും*** എന്ന പദത്തിലെ സംബോധിതർ സ്വഹാബത്താണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. എന്നാൽ, അവരിൽനിന്നാരും വാഗ്ദത്ത മസീഹാണെന്ന വാദം ഉന്നയിച്ചിട്ടില്ലെന്നത് പ്രകടമാണ്. അതുകൊണ്ട് ***മിൻകും*** എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്, അല്ലാഹുതന്നെ പറഞ്ഞ സഹാബത്തിന്റെ പ്രതിനിധികളായ ആളുകളാണ്. അതായത്, അല്ലാഹുവിന്റെ പക്കൽ അവർ സ്വഹാബത്തിന്റെ പ്രതിനിധികളാണ്. അവരുടെ സ്ഥാനത്തുള്ളവരാണ്. അവർ ഈ ആയത്തിൽ പറഞ്ഞ സ്വഹാബത്തിന്റെ പ്രതിനിധികളായി വരുന്നവരാണ്. അതായത്, ***വ ആഖരീന മിൻഹും ലമ്മായൽഹഖൂബിഹിം.*** അവർ നബി(സ) തിരുമേനിയുടെ ശിക്ഷണം ലഭിച്ചവരാണെന്ന് ഈ വചനത്തിൽ പറഞ്ഞിരിക്കുന്നു. ഈ അർത്ഥത്തിൽ അവർ സ്വഹാബത്തിൽപ്പെട്ടവരാണ്. ഈ ആയത്തിന്റെ വ്യാഖ്യാനമായി ഒരു ഹദീസുണ്ട്. ***ലൗ കാനൽ ഈമാനു മുഅല്ലഖൻബിഥുറയ്യ ലനാലഹു റജുലുൻ മിൻ ഫാരിസ്.*** പേർഷ്യൻവംശജനായ വ്യക്തിയെക്കുറിച്ചാണ് ഈ ഹദീസിൽ പറയുന്നത്. അത് വാഗ്ദത്ത മസീഹിനും മഹ്ദിക്കും വേണ്ടി പ്രത്യേക്കപ്പെടുത്തിയിട്ടുള്ളതാണ്. വിശ്വാസം ഉയർന്നുപോയ ഭൂമിയിൽ അക്രമങ്ങളും അന്ധകാരങ്ങളും നിറഞ്ഞപ്പോൾ വീണ്ടും അതിനെ നീതികൊണ്ട് നിറയ്ക്കേണ്ടത് മസീഹും മഹ്ദിയുമാണ്. ആ മസീഹും മഹ്ദിയും ഞാനാണ്."

വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ്(അ) വിശദീകരിച്ചുകൊണ്ടു പറഞ്ഞു. ***ലാ മഹ്ദി ഇല്ലാ ഈസാ*** എന്ന് ഹദീസിൽ വന്നിരിക്കുന്നു. 'ഇബ്നുമാജ' എന്ന ഗ്രന്ഥത്തിൽ വിഖ്യാതമായ ഹദീസാണിത്. ഹാക്കിമിന്റെ ഗ്രന്ഥമായ മുസ്തദറക്കിൽ അനസിബ്നുമാലിക്കിൽ നിന്ന് നിവേദനം ചെയ്യപ്പെട്ടതാണിത്. ഈ നിവേദനം മുഹമ്മദ് ബിൻ ഖാലിദ്, അവാം ബിൻസാലിഹിൽ നിന്നും അവാംബിൻ സാലിഹ് ഹസൻബസരിയിൽ നിന്നും ഹസൻബസരി അനസിബ്നുമാലിക്കിൽ നിന്നും അനസിബ്നുമാലിക് നബി (സ) തിരുമേനിയിൽനിന്നും നിവേദനം ചെയ്തിട്ടുള്ളതാണ്. ഈ ഹദീസിന്റെ അർത്ഥം, ഈസാ നബിയുടെ സവിശേഷഗുണത്തിൽ വരുന്ന മഹ്ദി അല്ലാതെ മറ്റൊരു മഹ്ദിയും വരികയില്ലെന്നാണ്. അതായത് അദ്ദേഹം തന്നെയായിരിക്കും വാഗ്ദത്ത മസീഹ്. അദ്ദേഹം തന്നെയായിരിക്കും മഹ്ദിയും.

അദ്ദേഹം ഈസാനബി(അ)യുടെ സ്വഭാവത്തിലും പ്രകൃതിയിലും അദ്ധ്യാപനരീതിയിലും വരുന്നതാണ്. അതായത്, തിന്മയ്ക്കെതിരെ വാളെടുത്ത് യുദ്ധം ചെയ്യുകയില്ല. പരിശുദ്ധമായ മാതൃകയും ദൈവികമായ അടയാളവുംകൊണ്ട് സന്മാർഗ്ഗത്തെ പരത്തുന്നതാണ്. ഈ ആയത്തനുസരിച്ചാണ്, ഇമാം ബുഖാരി തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഹദീസിൽ ***യള ഉൽഹർബ്*** എന്നു പറഞ്ഞിട്ടുള്ളത്. ആ മഹ്ദി, അദ്ദേഹത്തിന്റെ രണ്ടാമത്തെ പേര് മസീഹ് മൗഊദ് എന്നാണ് മതപരമായ യുദ്ധങ്ങളെ അവസാനിപ്പിക്കുമെന്ന്. മതത്തിനുവേണ്ടി ആയുധമെടുത്ത് യുദ്ധം ചെയ്യരുതെന്നായിരിക്കും അദ്ദേഹത്തിന്റെ നിർദ്ദേശം. മതാദ്ധ്യാപനങ്ങളെ സത്യത്തിന്റെ പ്രകാശവും സ്വഭാവപരമായ അത്ഭുതപ്രവർത്തനവും അല്ലാഹുവിന്റെ അടയാളങ്ങളുംകൊണ്ട് പരത്തുക. അതുകൊണ്ട് ഞാൻ സത്യമായും സത്യമായും പറയുന്നു. ആരാണോ ഇപ്പോൾ മതത്തിനുവേണ്ടി ആയുധമേന്തി യുദ്ധം ചെയ്യുന്നത്, അല്ലെങ്കിൽ യുദ്ധം ചെയ്യുന്ന ആരെയെങ്കിലും പിന്തുണയ്ക്കുന്നത്, അല്ലെങ്കിൽ രഹസ്യമോ പരസ്യമോ ആയിട്ട് അത്തരം അഭിപ്രായങ്ങൾ പറഞ്ഞുകൊടുക്കുന്നത് അല്ലെങ്കിൽ അത്തരം ആഗ്രഹങ്ങൾ വെച്ചുപുലർത്തുന്നത് അവൻ അല്ലാഹുവിനോടും റസൂലിനോടും അനുസരണക്കേട് കാണിക്കുന്നവനാണ്."

നോക്കുക, ഇക്കാലത്തെ മുസ്ലിംകളുടെ അവസ്ഥകൾ ഇതിനെ സാധൂകരിച്ചുകൊണ്ടിരിക്കുന്നു. ഇന്നുകാണുന്ന യുദ്ധങ്ങൾ അല്ലാഹുവിന്റെ കല്പനയനുസരിച്ചായിരുന്നെങ്കിൽ, അല്ലാഹു പറഞ്ഞതാണ്, ***വ കാന ഹഖൻ അലയ്നാ നസ്റുൻ മുഅ്മിനീൻ***

എന്ന്. അതായത്, സത്യവിശ്വാസികളെ സഹായിക്കുക എന്നത് നമ്മുടെ ബാധ്യതയാണെന്ന്. അല്ലാഹുവിന്റെ സഹായം കിട്ടുന്നില്ലെങ്കിൽ, അതിനെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. യുദ്ധം ചെയ്യാൻ കൂടുതൽ താല്പര്യമുണ്ടെങ്കിൽ, ഇസ്‌ലാമിന്റെ പേരിൽ ചെയ്യുന്നത് ഒഴിവാക്കി മറ്റാരുടെയെങ്കിലും പേരിൽ ചെയ്തുകൊള്ളുക. ഇക്കാലത്ത് മുസ്‌ലിംകൾ മറ്റു സമുദായക്കാരിൽനിന്ന് പരാജയം ഏറ്റുവാങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതും വിളിച്ചോതുന്നത് വരാനുള്ള മസീഹ് വന്നുകഴിഞ്ഞിരിക്കുന്നു എന്നാണ്. ***യളഉൽ ഹർബ്*** അനുസരിച്ച്, മതപരമായ യുദ്ധം അവസാനിച്ചുകഴിഞ്ഞിരിക്കുന്നു. ജിഹാദ് ചെയ്യണമെങ്കിൽ തെളിവുകൾകൊണ്ട് ചെയ്യുക.

ഇസ്‌ലാമിന്റെ പേരിൽ മുസ്‌ലിംകൾ ചെയ്യുന്ന യുദ്ധങ്ങൾക്ക്, അല്ലാഹുവിന്റെ സഹായമില്ലെന്ന് തന്റെ പ്രവർത്തനപരമായ സാക്ഷ്യംകൊണ്ട് അവൻ വെളിപ്പെടുത്തുന്നു. സത്യവിശ്വാസികളെ സഹായിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. രണ്ട് കാര്യമാണുള്ളത്. ഒന്നുകിൽ ഈ മുസ്‌ലിംകൾ, മുഅ്മിൻ അഥവാ സത്യവിശ്വാസികളല്ല, അല്ലെങ്കിൽ, യുദ്ധം ചെയ്യേണ്ട കാലത്തല്ല അത് ചെയ്യുന്നത്. യുദ്ധത്തിന്റെ കാലം അവസാനിച്ചുകഴിഞ്ഞിരിക്കുന്നു. ഈ രണ്ടു കാര്യങ്ങളും ഇവരിലുണ്ട്. കാരണം നബി(സ) തിരുമേനി പറഞ്ഞ കാര്യം അംഗീകരിക്കാതെ, സത്യവിശ്വാസിയായി ജീവിക്കാൻ പറ്റുകയില്ല. മസീഹും മഹ്ദിയും വാദം പുറപ്പെടുവിച്ചതിനുശേഷം അദ്ദേഹം പറയുന്ന കാര്യങ്ങൾ കേൾക്കാതെ, അല്ലാഹുവിന്റെ സഹായത്തിന്നർഹരാവുകയുമില്ല. അതുകൊണ്ട് ഇക്കാലത്ത് മസീഹാണെന്നും മഹ്ദിയാണെന്നും വാദിച്ച ആളുടെ വാദം തീർച്ചയായും സത്യമാണ്.

ഈ സത്യം സ്ഥാപിക്കുന്നതിനായി അവിടന്ന് വളരെ വലിയ വാദമാണ് ഉന്നയിച്ചത്. അത് ഒരു വ്യാജവാദിക്ക് ചെയ്യാൻ സാധ്യമല്ല. അവിടന്ന് പറയുന്നു: ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു, അവൻ തന്നെയാണ് എന്നെ അയച്ചിട്ടുള്ളത്. അവൻ തന്നെയാണ് എന്റെ പേര് നബി എന്നുവെച്ചിട്ടുള്ളത്. അവൻ തന്നെയാണ് എന്നെ മസീഹ് മൗഊദ് എന്ന പേരിൽ വിളിച്ചിട്ടുള്ളത്. എന്റെ സത്യം വെളിപ്പെടുത്തുന്നതിനായി അവൻ തന്നെയാണ് വലിയ വലിയ അടയാളം വെളിപ്പെടുത്തിയത്. അത് മൂന്നുലക്ഷത്തോളമുണ്ട്. ഇതിനുള്ള ചില ഉദാഹരണങ്ങൾ ഈ ഗ്രന്ഥത്തിലും (ഹഖീഖത്തുൽ വഹ്‌യ്) ഞാൻ എഴുതിയിട്ടുണ്ട്. പറഞ്ഞു: ആയിരക്കണക്കിനുള്ള ഈ അടയാളങ്ങൾ എന്റെ സത്യം തെളിയിക്കുന്നതിനായി സാക്ഷി പറയുന്നില്ലെങ്കിൽ, അവൻ എന്നോട് പറഞ്ഞ കാര്യങ്ങൾ ആരോടും ഞാൻ പറയുമായിരുന്നില്ല. ഇതവന്റെ വചനങ്ങളാണെന്ന് ഉറപ്പിച്ചുപറയാനും എനിക്കു സാധിക്കുമായിരുന്നില്ല. പക്ഷേ, അവൻ പറഞ്ഞ കാര്യങ്ങൾക്ക് തന്റെ പിന്തുണയുണ്ടെന്ന് കാണിക്കുന്നതിനുവേണ്ടി സുവ്യക്തവും തിളക്കമാർന്നതുമായ കണ്ണാടിക്കുള്ള ഏർപ്പാടും അവൻതന്നെ ചെയ്തു. അല്ലാഹുവിന്റെ പേരിൽ വാദിക്കുന്നയാളോടു, അയാളുടെ വാദം സത്യമല്ലെങ്കിൽ അല്ലാഹു എങ്ങനെയാണ് പെരുമാറുന്നത്. അതും നോക്കുക. വ്യാജനബിയെക്കുറിച്ച് അല്ലാഹു പറയുന്നു. ***വലവ് തഖവ്വല അലയ്നാ ബഅ്ളൽ അഖാവീൽ ല അഖദ്നാ മിൻഹു ബിൽയമീൻ*** അദ്ദേഹം നമ്മുടെമേൽ ചില വാക്കുകൾ കെട്ടിച്ചമച്ചു പറഞ്ഞിരുന്നെങ്കിൽ നാം അദ്ദേഹത്തെ വലതുകൈകൊണ്ട് പിടിക്കുമായിരുന്നു. പിന്നീട് പറഞ്ഞു: ***ഥുമ്മ ലഖത്വഅ്നാ മിൻഹുൽ വത്തീൻ*** എന്നിട്ട്, അദ്ദേഹത്തിന്റെ ജീവനാഡി നാം അറുത്തുകളയുമായിരുന്നു.

താൻ നബിയാണെന്നും, തനിക്ക് അല്ലാഹുവിന്റെ എല്ലാ സഹായവും ഉണ്ടെന്നുമുള്ള ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തിനുശേഷം അല്ലാഹു അദ്ദേഹത്തിന്റെ ജീവനാഡി അറുത്തുകളയുകയാണോ ചെയ്തത്. അതല്ല, ***വ കാന ഹഖ്ഖൻ അലയ്നാ നസ്റുൽ മുഅ്മിനീൻ*** എന്ന വാഗ്ദാനമനുസരിച്ച് അതായത് സത്യവിശ്വാസികളെ സഹായിക്കുക എന്നത് നമ്മുടെ ബാധ്യതയാണെന്ന് പറഞ്ഞതനുസരിച്ച് സഹായിക്കുകയാണോ ചെയ്തത്. അവൻ അങ്ങേയറ്റം സഹായിച്ചു. സഹായിച്ചുകൊണ്ടേപോകുന്നു.

ഒരു ചെറിയ സ്ഥലത്തുനിന്ന് ഒരു ശബ്ദം ഉയർന്നു. ഇന്നത് പൂർണ്ണപ്രൗഢിയോടുകൂടി ലോകത്തിന്റെ മുക്കിലും മൂലയിലും പരന്നു. ഇന്ന് 181 രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായിരിക്കുന്നു. യൂറോപ്പിലും, അമേരിക്കയിലും ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരുണ്ട്. ആഫ്രിക്കയിലെ വിദൂരമായ വനങ്ങളിലും കത്തിക്കാളുന്ന മരുഭൂമിയിലും ദ്വീപുകളിലും എല്ലായിടത്തും അത് വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. ഈ എല്ലാ ദൈവികസഹായവും, അവിടന്ന് സത്യവാനാണെന്ന് മനസ്സിലാക്കി വിശ്വസിക്കാൻ മതിയായതല്ലേ? ഈ വ്യക്തി വ്യാജവാദിയായിരുന്നെങ്കിൽ, അല്ലാഹുതആല അവന്റെ നടപടിക്രമമനുസരിച്ച് എന്തുകൊണ്ട് പിടിച്ചില്ല. അല്ലാഹുവിന്റെ പേരിൽ കള്ളം പറഞ്ഞുവെന്ന് നിങ്ങൾ പറയുന്ന ഈ മനുഷ്യനെ എന്തുകൊണ്ട്

നശിപ്പിച്ചില്ല. ഇത് ചിന്തിക്കേണ്ട സമയമാണ്. നിങ്ങൾ ചിന്തിക്കുക. വിവേകത്തോടുകൂടി പ്രവർത്തിക്കുക. മുസ്‌ലിംകളോടു ഞാൻ ചോദിക്കട്ടെ. നിങ്ങൾ എന്തിനാണ് നിങ്ങളുടെ ദുൻയാവും ആഖിറത്തും നഷ്ടപ്പെടുത്തുന്നത്. കഴിഞ്ഞദിവസം ഒരാൾ പാക്കിസ്ഥാനിൽ മഹ്ദിയാണെന്ന് വാദിച്ചു. വെടിവയ്പിനുശേഷം അയാളെ കീഴടക്കി ജയിലിലിട്ടു. ഇതാണ് വ്യാജവാദിയുടെ അന്ത്യം. എത്ര പെട്ടെന്നാണത് സംഭവിച്ചത്. ഇതിനു മുമ്പും ഇത്തരം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

ഹസ്‌റത്ത് മസീഹ് മൗഊദ്(അ)നു വേണ്ടി വെളിപ്പെട്ട മറ്റൊരു ദൈവികസാക്ഷ്യമുണ്ട്. ഇതിനെക്കുറിച്ച് മുമ്പും ഞാൻ പറഞ്ഞിട്ടുള്ളതാണ്. ഈ അടയാളത്തിൽ മനുഷ്യകരങ്ങൾക്ക് ഒരു പങ്കും ഉണ്ടാകുക സാധ്യമല്ല. ഇന്നേക്ക് 1400 വർഷങ്ങൾക്കുമുമ്പേ എങ്ങനെയാണ് നബി(സ) തിരുമേനി സുവ്യക്തമായ നിലയിൽ ഈ പ്രവചനം ചെയ്തതെന്ന് നോക്കുക. ആധുനികമായ ഇക്കാലത്തും അടുത്തകാലത്തു നടക്കുന്ന സംഭവങ്ങളെക്കുറിച്ചുപോലും ഇങ്ങനെ പ്രവചിക്കാൻ സാധ്യമല്ല. റമസാൻ മാസമായിരിക്കും. ഇന്നതിയ്യതിക്ക് സൂര്യനു ഗ്രഹണം ഉണ്ടാകും. ഇന്നതിയ്യതിക്ക് ചന്ദ്രന് ഗ്രഹണമുണ്ടാകും. ഹദീസിൽ വന്നിരിക്കുന്നു. നബി(സ) പറഞ്ഞു:

"നമ്മുടെ മഹ്ദിയുടെ സത്യത്തിനായി രണ്ട് ദൃഷ്ടാന്തങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ആകാശഭൂമികൾ ഉണ്ടായതു മുതൽ ഈ ദൃഷ്ടാന്തങ്ങൾ മറ്റൊരു മഅ്മൂറിന്റെ കാലത്തും പ്രത്യക്ഷപ്പെട്ടിട്ടില്ല. അതായത്, ചന്ദ്രന് റമസാൻ മാസത്തിൽ അതിന്റെ ആദ്യരാത്രിയിലും സൂര്യന് അതിന്റെ നടുവിലെ ദിവസത്തിലും ഗ്രഹണമുണ്ടാകുന്നതാണ്."

ഈ ഗ്രഹണം 1894-ൽ ഉണ്ടായി. ചന്ദ്രഗ്രഹണത്തിനായി പ്രകൃതി നിശ്ചയിച്ചിട്ടുള്ള 13, 14, 15 എന്നീ തിയ്യതികളിലെ ആദ്യത്തെ രാത്രിയിൽ ചന്ദ്രന് ഗ്രഹണമുണ്ടായി. അതുപോലെ സൂര്യഗ്രഹണത്തിനായി പ്രകൃതി നിശ്ചയിച്ചിട്ടുള്ള 27, 28, 29 എന്നീ തിയ്യതികളിലെ മദ്ധ്യദിവസത്തിൽ അതായത്, അതേ റമസാൻ മാസത്തിലെ 28-ാം തിയ്യതി സൂര്യനും ഗ്രഹണമുണ്ടായി. ഇത് വ്യക്തമായൊരു തെളിവാണ്. അക്കാലത്ത് എനിക്കല്ലാതെ മറ്റാർക്കും മഹ്ദിയാണെന്നുള്ള വാദമില്ലായിരുന്നുവെന്നും ഹസ്‌റത്ത് മസീഹ് മൗഊദ് (അ) പറയുകയുണ്ടായി. ചില മൗലവിമാർ 'ഖമർ', 'ഹിലാൽ' തുടങ്ങിയ കാര്യങ്ങളുടെ പിന്നാലെകൂടി വാദം നടത്താറുണ്ട്.

ഈ അടയാളം വെളിപ്പെടുന്നതിനുമുമ്പേ, ഹസ്‌റത്ത് മസീഹ് മൗഊദ്(അ)നെ കൂടാതെ മറ്റാരെങ്കിലും വാദിച്ചിട്ടുണ്ടോ? ആരെങ്കിലും വാദിച്ചിട്ടുണ്ടെങ്കിൽ അത് ഒരേയൊരു വ്യക്തി മാത്രമാണ്. അത് ഹസ്‌റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) മാത്രമാണ്. ഹസ്‌റത്ത് മസീഹ് മൗഊദ്(അ) തുറന്ന നിലയിൽ പറഞ്ഞു: എണ്ണമറ്റ അടയാളങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. ഞാൻ സത്യവാദിയല്ലെങ്കിൽ മറ്റാരെങ്കിലും വന്നതൊന്ന് കാണിച്ചുതരിക. കാരണം, കാലം ഒരാളെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ, ഇവർക്ക് ആരേയും എടുത്തു കാണിക്കാൻ സാധ്യമല്ല. അതുകൊണ്ട് ഹസ്‌റത്ത് മസീഹ് മൗഊദ്(അ) തന്നെയാണ് യഥാർത്ഥ വാദി. ഭൗമികവും ആകാശീയവുമായ സഹായം ആ മഹാത്മാവിനാണുള്ളത്. അല്ലാഹു പറഞ്ഞിട്ടുള്ള നുബുവ്വത്തിന്റെ മാനദണ്ഡം ആ മഹാത്മാവിനെ പിന്തുണയ്ക്കുന്നു. അദ്ദേഹത്തെക്കുറിച്ച് നേരിട്ടറിയുന്നയാളുകൾ പരിശുദ്ധമായ വ്യക്തിത്വത്തിന്റെ ഉടമയാണെന്ന് പറഞ്ഞിരുന്നു. അവിടത്തെ ചെറുപ്പവും യുവത്വവും പരിശുദ്ധമായിരുന്നു. ഇസ്‌ലാമിനുവേണ്ടിയുള്ള സേവനവും അവിടത്തെക്കാൾ കൂടുതൽ ആരും ചെയ്തിട്ടില്ല. അന്യരും ഇത് സമ്മതിക്കുകയുണ്ടായി. ഇതെല്ലാം കണ്ടുമനസ്സിലാക്കിയതിനുശേഷവും, ബുദ്ധിക്ക് മറ വീണിട്ടുണ്ടെങ്കിൽ അല്ലാഹുവിനു മാത്രമെ ഇവരെ രക്ഷിക്കാൻ കഴിയൂ. കാരണം വിശ്വസിക്കാനുള്ള തൗഫീഖ് കിട്ടുന്നതും അല്ലാഹുവിന്റെ അനുഗ്രഹത്താലാണ്.

ഹസ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ വിനീതൻ സത്യമായ മാർഗ്ഗത്തിലല്ലെങ്കിൽ, ഞാൻ വാദിച്ചതുപോലെ ഈ പതിനാലാം നൂറ്റാണ്ടിന്റെ തലയ്ക്കൽ വാദം ഉന്നയിച്ചുകൊണ്ട് വന്നതാരാണെന്നും ഇൽഹാമുപരമായ ഏതെങ്കിലും വാദത്തോടുകൂടി സകല എതിർപ്പുകൾക്കുമെതിരെ ഈ വിനീതൻ നിന്നതുപോലെ ആരാണ് നിന്നതെന്നും പറഞ്ഞുതരിക. ***തഫക്കറൂ, വ തനദ്ദമൂ വത്തഖുല്ലാഹ*** ചിന്തിക്കുക, ലജ്ജിക്കുക, അല്ലാഹുവിനെ ഭയപ്പെടുക. എന്തിനാണ് അതിർലംഘിക്കുന്നത്. ഈ വിനീതൻ മസീഹ് മൗഊദ് എന്ന വാദത്തിൽ വ്യാജനാണെങ്കിൽ, നിങ്ങൾ വിചാരിക്കുന്നതുപോലെയുള്ള മസീഹ് മൗഊദ് ഈ ദിനങ്ങളിൽ ആകാശത്തുനിന്നിറങ്ങുന്നതിനുവേണ്ടി പരിശ്രമിക്കുക. കാരണം ഞാനിപ്പോൾ ഇവിടെയുണ്ട്. നിങ്ങൾ പ്രതീക്ഷിക്കുന്നയാൾ ഇവിടെയില്ല. എന്റെ വാദം പൊളിയുന്നത്, അദ്ദേഹം ആകാശത്തുനിന്ന് ഇറങ്ങിവരുന്നതു കൊണ്ടുമാത്രമാണ്. (അക്കാലത്ത് ഹസ്‌റത്ത് മസീഹ് മൗഊദ്(അ) മുസ്‌ലിംകളോട് ഇങ്ങനെയാണ് ആഹ്വാനം ചെയ്തത്) പറഞ്ഞു. "നിങ്ങൾ സത്യമാർഗ്ഗത്തിലാണെങ്കിൽ

നിങ്ങൾ എല്ലാവരും ചേർന്ന്, മസീഹ് ഇബ്നുമർയം എത്രയും വേഗം ആകാശത്തുനിന്നിറങ്ങാൻ ദുആ ചെയ്യുക. നിങ്ങൾ സത്യമാർഗ്ഗത്തിലാണെങ്കിൽ ഈ ദുആ സ്വീകരിക്കപ്പെടുന്നതാണ്. കാരണം സത്യവാന്മാരുടെ ദുആ കള്ളവാദികൾക്കെതിരെ സ്വീകരിക്കപ്പെടുന്നു. എന്നാൽ, നിങ്ങൾ ഉറപ്പായും മനസ്സിലാക്കിക്കൊള്ളുക, ഈ ദുആ ഒരിക്കലും സ്വീകരിക്കപ്പെടുകയില്ല. കാരണം നിങ്ങൾ തെറ്റായ പാതയിലാണുള്ളത്. മസീഹ് വന്നുകഴിഞ്ഞു. എന്നാൽ, നിങ്ങൾ അദ്ദേഹത്തെ തിരിച്ചറിഞ്ഞില്ല. നിങ്ങളുടെ പ്രതീക്ഷ ഒരിക്കലും പൂവണിയുകയില്ല. കാലം കടന്നുപോകും. എന്നാൽ, ആരുംതന്നെ മസീഹിബ്നുമർയം ആകാശത്തുനിന്നിറങ്ങുന്നത് കാണുകയില്ല. അതുകൊണ്ട് ഞാൻ പറയുന്നു: ഇക്കൂട്ടർ സത്യത്തിന്റെ ശത്രുക്കളാണ്. ഇനിയും ഇവരിലെ ഏതെങ്കിലും സംഘം ഹൃദയം ശുദ്ധീകരിച്ച് എന്റെയടുക്കൽ വന്നാൽ, ഞാനിപ്പോഴും അവരുടെ നിരർത്ഥകമായ ആക്ഷേപങ്ങൾക്ക് മറുപടി പറയാൻ തയ്യാറാണ്. ഒരു വമ്പിച്ച സൈന്യത്തെപ്പോലെ എങ്ങനെയാണ് അല്ലാഹു എനിക്കുവേണ്ടി സാക്ഷ്യങ്ങൾ ഒരുക്കിയിട്ടുള്ളതെന്ന് ഞൻ അവർക്കു കാണിച്ചുകൊടുക്കുന്നതാണ്. സൂര്യനുദിച്ചുയരുന്നതുപോലെ സത്യത്തെ പ്രകാശിപ്പിക്കുന്നതാണ് അവ."

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, ഇന്ന് നൂറുവർഷത്തിനുശേഷവും ഹൃദയം ശുദ്ധിയാക്കി വരിക എന്ന നിബന്ധന നിലകൊള്ളുന്നു. അങ്ങനെ വരുന്നവർ ഇപ്പോഴും സത്യത്തെ തിരിച്ചറിയുന്നു. അവിടന്ന് പറയുന്നു: ഈ അജ്ഞരായ മൗലവിമാർ, തങ്ങളുടെ കണ്ണുകൾ അറിഞ്ഞുകൊണ്ട് അടയ്ക്കുകയാണെങ്കിൽ അടച്ചുകൊള്ളുക. സത്യത്തിന് അതുകൊണ്ട് എന്തു നഷ്ടം സംഭവിക്കാനാണ്. എന്നാൽ, ആ കാലം വരുന്നു. അല്ല അത് അടുത്തെത്തിയിരിക്കുന്നു. ഫിർഔനിന്റെ പ്രകൃതിയിലുള്ള ഒരുപാടാളുകൾ ഈ പ്രവചനങ്ങളിൽ ചിന്തിച്ചാൽ വെള്ളത്തിൽ മുങ്ങിച്ചാകുന്നതിൽനിന്ന് രക്ഷപ്പെടും. അല്ലാഹു പറയുന്നു: ഞാൻ ആക്രമണത്തിനുമേൽ ആക്രമണം നടത്തും; അങ്ങനെ നിന്റെ സത്യത ജനഹൃദയങ്ങളിൽ കുടിയിരുത്തും. ഏ, മൗലവിമാരേ! അല്ലാഹുവിനോടു യുദ്ധം ചെയ്യാൻ നിങ്ങൾക്ക് ശക്തിയുണ്ടെങ്കിൽ യുദ്ധം ചെയ്തുകൊള്ളുക. എനിക്കു മുമ്പേ, മർയമിന്റെ മകനായ ആ സാധുവായ മനുഷ്യനോട് യഹൂദികൾ എന്താണ് ചെയ്യാതിരുന്നത്? അവർ അദ്ദേഹത്തെ കുരിശിൽ കൊല്ലാൻ തറച്ചു. എന്നാൽ, അല്ലാഹു ആ കുരിശുമരണത്തിൽ നിന്ന് അദ്ദേഹത്തെ രക്ഷിച്ചു. അദ്ദേഹത്തെ വ്യാജവാദിയെന്നും കുടിലതന്ത്രജ്ഞനെന്നും പറഞ്ഞിരുന്ന ഒരു കാലമുണ്ടായിരുന്നു. പിന്നീട് ജനഹൃദയങ്ങളിൽ അദ്ദേഹത്തെക്കുറിച്ചുള്ള മഹത്വം കുടിയിരിക്കാൻ തുടങ്ങി. ഇന്ന് 40 കോടി ജനങ്ങൾ അദ്ദേഹത്തെ ദൈവമാക്കി വിശ്വസിക്കുന്നു. വാസ്തവത്തിൽ ഒരു നിസ്സാരമനുഷ്യനെ ദൈവമാക്കി ഇവർ നിഷേധിക്കുകയാണ് ചെയ്തത്. എന്നാൽ, ഇത് യഹൂദർക്കുള്ള മറുപടിയാണ്. (അതായത് അല്ലാഹുവിൽനിന്ന് യഹൂദികൾക്ക് മറുപടി നല്കപ്പെട്ടതാണ്) ഒരു വ്യാജവാദി എന്നുകരുതി ഒരു മനുഷ്യനെ തങ്ങളുടെ കാലിന്നടിയിൽ ചവുട്ടിമെതിക്കാൻ ആഗ്രഹിച്ചവരാണ് യഹൂദികൾ. എന്നാൽ മർയമിന്റെ മകനായ അതേ യേശു ഇന്ന് എത്രമേൽ ഉയർന്നുവെന്ന് വെച്ചാൽ 40 കോടി ജനങ്ങൾ അദ്ദേഹത്തെ വണങ്ങുന്നു. രാജാക്കന്മാരുടെ കഴുത്തു അദ്ദേഹത്തിന്റെ പേരിനു മുമ്പിൽ കുനിയുന്നു. ഇബ്നുമർയമിനെപോലെ ശിർക്ക് വളരാൻ ഞാൻ കരുവാകരുതെന്ന് ഞാൻ ദുആ ചെയ്യുന്നു. അല്ലാഹു എന്റെ പ്രാർത്ഥന സ്വീകരിക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എന്നാൽ, അല്ലാഹു എന്നെ ആവർത്തിച്ചാവർത്തിച്ച് അറിയിച്ചിരിക്കുന്നു; അവൻ എനിക്ക് ഒരുപാട് മഹത്വം നല്കും. എന്നോടുള്ള സ്നേഹം ഹൃദയങ്ങളിൽ കുടിയിരുത്തും. എന്റെ ജമാഅത്തിനെ ലോകം മുഴുവൻ വ്യാപിപ്പിക്കും. എല്ലാ കക്ഷികളുടെയും മേൽ എന്റെ കക്ഷിയെ വിജയിപ്പിക്കും. എന്റെ കക്ഷിയിൽപെട്ടവർ എത്രമാത്രം ഭൗതികവിദ്യാഭ്യാസത്തിലും ആത്മീയജ്ഞാനത്തിലും അഭിവൃദ്ധിപ്പെടുമെന്നുവെച്ചാൽ, അവർ തങ്ങളുടെ സത്യത്തിന്റെ പ്രകാശവും തെളിവുകളും അടയാളങ്ങളും മുഖേന എല്ലാവരുടേയും വായ അടയ്ക്കും." (അല്ലാഹുവിന്റെ അനുഗ്രഹത്തിൽ ലോകത്തെല്ലായിടത്തും ഇത് സംഭവിച്ചുകൊണ്ടിരിക്കുന്നു.) ഓരോ ജനതയും ഈ ഉറവിൽനിന്ന് പാനം ചെയ്യും. ഈ ജമാഅത്ത് ശക്തമായി വളരും, പുഷ്പിക്കും. അങ്ങനെ ഇത് ലോകം മുഴുവൻ വലയം ചെയ്യും. ഒരുപാട് തടസ്സങ്ങൾ ഉണ്ടാകും. പരീക്ഷണങ്ങൾ വരും. എന്നാൽ, അല്ലാഹു എല്ലാം ഇടയിൽനിന്ന് തട്ടിമാറ്റും. തന്റെ വാഗ്ദാനം പൂർത്തിയാക്കും. അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ഞാൻ നിനക്ക് അനുഗ്രഹത്തിനുമേൽ അനുഗ്രഹം നല്കും; എത്രത്തോളമെന്നാൽ രാജാക്കന്മാർ നിന്റെ വസ്ത്രത്തിൽനിന്ന് അനുഗ്രഹം തേടും. പറഞ്ഞു: അല്ലയോ ശ്രോതാക്കളേ! ഇക്കാര്യങ്ങൾ ഓർമ്മവച്ചുകൊള്ളുക. ഈ പ്രവചനങ്ങൾ നിങ്ങളുടെ പെട്ടികളിൽ ഭദ്രമായി സൂക്ഷിച്ചുവെക്കുക. ഇത് അല്ലാഹുവിന്റെ വചനമാണ്. ഒരുനാൾ അത്

പൂർത്തിയാകും. ഞാൻ എന്റെ ഉള്ളിൽ എന്റേതായി ഒരു നന്മയും കാണുന്നില്ല. ഞാൻ ചെയ്യേണ്ടത് ഞാൻ ചെയ്തിട്ടുമില്ല. ഞാൻ എന്നെ ഒന്നിനും കൊള്ളാത്ത ഒരു വേലക്കാരനായി മനസ്സിലാക്കുന്നു. ഇത് അല്ലാഹുവിന്റെ അനുഗ്രഹമൊന്നുമാത്രമാണ്. അതെന്നോടൊപ്പം ഉണ്ട്. ആ സർവശക്തനും ഔദാര്യമുടയവനുമായ അല്ലാഹുവിന് ആയിരോപിആയിരം നന്ദി. അവൻ ഈ ഒരുപിടി മണ്ണിനെ, എല്ലാ കുറവുകളും ഉണ്ടായിട്ടും സ്വീകരിച്ചു."

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠവും പ്രവചനവുമാണിത്. നാം നിത്യവും അത് പുലരുന്നത് കാണുന്നു. പക്ഷേ, എല്ലാ മതക്കാരും ചിന്തിക്കേണ്ട ഘട്ടമാണിത്. മസീഹ് മൗഊദിന്റെ ജമാഅത്ത്, അല്ലാഹു ആ മഹാത്മാവിനോട് ചെയ്ത വാഗ്ദാനമനുസരിച്ച് അഭിവൃദ്ധിപ്പെട്ടുകൊണ്ടേയിരിക്കും.

ഭൂരിപക്ഷ മുസ്ലിംകളും ചിന്തിക്കുക. വരേണ്ട മസീഹും മഹ്ദിയും വന്നുകഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനായി ഖുർആനും, ഹദീസുകളും നിലകൊള്ളുന്നു. അത് സംബന്ധിച്ച് ഒന്നു രണ്ടെണ്ണം ഞാൻ പറയുകയും ചെയ്തു. ഇക്കാലഘട്ടവും ആ മഹാത്മാവിനെ വിളിക്കുന്നു. ഇനി എന്ത് പ്രതീക്ഷയിലാണ് നിങ്ങളിരിക്കുന്നത്. നിങ്ങൾ അല്പം ചിന്തിക്കുക. ക്രിസ്ത്യാനികൾക്ക് വരേണ്ട മസീഹും വന്നിരിക്കുന്നു. മറ്റു മതാനുയായികളെയും ഒരു കൈയിൽ ഒരുമിച്ചുകൂട്ടേണ്ടതിന് വരേണ്ടയാൾ വന്നിരിക്കുന്നു. പരസ്പരമുള്ള മര്യാദകളും എല്ലാ നബിമാരേയും ആദരിക്കലും പഠിപ്പിക്കാൻ ഇന്നാരെങ്കിലും അർഹനായിട്ടുണ്ടെങ്കിൽ അത് ഈ വാഗ്ദത്ത മസീഹാണ്. ശാന്തിയും സ്നേഹവും സന്തോഷവും ഇന്ന് ലോകത്ത് പരത്തണമെങ്കിൽ, അത് പരത്തേണ്ടത് ഈ വാഗ്ദത്തമസീഹാണ്. മനുഷ്യകുലത്തെ ദുഃഖങ്ങളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും ഇന്ന് മോചനം നല്കണമെങ്കിൽ ഈ വാഗ്ദത്ത മസീഹാണ് അത് നല്കേണ്ടത്. അല്ലാഹുവിലേക്ക് എത്താനുള്ള വഴി ഇന്നാരെങ്കിലും കാണിക്കുന്നുവെങ്കിൽ, മനുഷ്യർക്ക് അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിയേണ്ടതെങ്ങനെയെന്ന് പഠിപ്പിക്കണമെങ്കിൽ, ഈ വാഗ്ദത്ത മസീഹും മഹ്ദിയുമാണ് അത് പഠിപ്പിക്കേണ്ടത്.

ലോകർ ഇന്ന് സമാധാനം കാംക്ഷിക്കുന്നെങ്കിൽ എല്ലാ നബിമാരുടേയും പ്രവചനമനുസരിച്ച് ആഗതരായവരും നബി(സ) തിരുമേനിയെ സത്യസന്ധമായി സ്നേഹിക്കുന്നവരുമായ മസീഹ് മഹ്ദിയുടെ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നവരായി തീരുക. ഇല്ലെങ്കിൽ, അല്ലാഹുവിന്റെ ക്രുദ്ധമായ വെളിപ്പെടൽ തലയ്ക്കുമീതെ ചുറ്റിക്കറങ്ങുന്നതായി കാണുന്നു. അതിനെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിൽനിന്നും അറിവുനേടി നമ്മോടു പറഞ്ഞുകഴിഞ്ഞു. ഓരോ അഹ്മദിയും തങ്ങളുടെ സ്വഭാവം നന്നാക്കിത്തീർക്കുന്നതിലേക്ക് ശ്രദ്ധിക്കുക. നിങ്ങളെ നന്നാക്കുന്നതോടൊപ്പം ജനങ്ങളേയും ഈ മുന്നറിയിപ്പ് അറിയിക്കുക. അല്ലാഹു ഇവരുടെമേൽ കാരുണ്യം ചൊരിയട്ടെ. സത്യം മനസ്സിലാക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

**ഫോൺനമ്പറിൽ മാറ്റം**

**മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെ ഫോൺനമ്പർ മാറിയിരിക്കുന്നു. 9446656123**

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 17.2.2006 at Baitul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 9446656123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala